നം. 2303/എംസിഎ/2014/റ്റി.എ.2/സിഇഇ

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## 2014-15 ലെ എം.സി.എ. കോഴ്സ് പ്രവേശനം

## രണ്ടാം ഘട്ട അലോട്ട്മെന്റ്

കേരളത്തിലെ സർക്കാർ, എയ്ഡഡ്, സർക്കാർനിയന്ത്രിത/ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ 2014-15 വർഷത്തെ എം.സി.എ. കോഴ്സ് പ്രവേശനത്തിനുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **06.12.2014 (ശനിയാഴ്ച)** www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾക്ക് അവരുടെ ആപ്ലിക്കേഷൻ നമ്പർ, റോൾ നമ്പർ, കീ നമ്പർ എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം തങ്ങളുടെ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ, അനുവദിച്ച സംവരണം, ബാങ്കിൽ ഒടുക്കേണ്ട ട്യൂഷൻ ഫീസ്/ ബാക്കി ഫീസ്/തുക തുടങ്ങിയ എല്ലാ വിവരങ്ങളും ലഭ്യമാണ്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്.

പുതുതായി അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും **2014 ഡിസംബർ 08, 09, 10, 11 എന്നീ തീയതികളിൽ** സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ അവരുടെ അലോട്ട്മെന്റ് മെമ്മോയുമായി എത്തി നിർദ്ദിഷ്ട ഫീസ്/ബാക്കി ഫീസ്/തുക അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. തെരഞ്ഞെടുത്ത എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/ബാക്കി ഫീസ്/തുക ബാങ്കിൽ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുന്നതല്ല.

ഒന്നാം ഘട്ടത്തിലോ രണ്ടാം ഘട്ടത്തിലോ അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോ, ഫീസ് അടച്ച രസീത്, പ്രോസ്പക്ടസ് **ക്ലോസ് 13** ൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ എന്നിവ സഹിതം **2014 ഡിസംബർ 08, 09, 10, 11 എന്നീ തീയതികളിൽ** ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ മുമ്പാകെ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്. നിർദ്ദിഷ്ട തീയതികളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അവരെ തുടർന്നുള്ള അലോട്ട്മെന്റുകളിൽ നിന്നും ഒഴിവാക്കുന്നതുമാണ്.

**2014 ഡിസംബർ 11-ാം തീയതി വൈകുന്നേരം 5.30 മണിക്ക്** എല്ലാ കോളേജ് അധികാരികളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നോൺ ജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് എടുത്ത് ഒപ്പ് രേഖപ്പെടുത്തിയ ശേഷം ഫാക്സ് മുഖേനയും സമർപ്പിക്കേണ്ടതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് രാവിലെ 10 മുതൽ വൈകുന്നേരം 5 മണിവരെ താഴെപ്പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **0471- 2339101, 2339102, 2339103, 2339104.**

തിരുവനന്തപുരം
06.12.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**